**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6766** **21-03-2023 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. ബൈട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എസ്.എസ്.ടി. ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട് 26.08.2016-ലെ ജി.ഒ.(പി.)നമ്പർ 144/2016/പൊ.വി.വ. ഉത്തരവ് പ്രകാരം, ജോയിൻ ചെയ്യാത്ത ഒഴിവുകളിൽ എച്ച്.എസ്.എ. മാർക്ക് അവകാശപ്പെട്ട ഒഴിവുകൾ നികത്തിയെങ്കിലും എൽ.പി./യു.പി. അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് അവകാശപ്പെട്ട ഒഴിവുകൾ നികത്താത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | 2001 ലെ കേരള ഹയർ സെക്കന്ററി എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികകളുടെ 25% യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ ബൈട്രാൻസ്ഫർ വഴിയും (അവരുടെ അഭാവത്തിൽ, യോഗ്യരായ യു.പി.എസ്.എ/എൽ.പി.എസ്.എ മാരിൽ നിന്നും) ബാക്കി 75% ഡയറക്ട് റിക്രൂട്ട്മെന്റ് വഴിയുമാണ് നികത്തേണ്ടത്. മേൽപ്പറഞ്ഞ ഡിപ്പാർട്ട്മെന്റ് വിഭാഗത്തിനുള്ള 25% ഡിപ്പാർട്ട്മെന്റ് ക്വാട്ട 01/12/2015 ലെ സ.ഉ (കൈ) 296/2015/പൊ.വി.വ, 26/08/2016 ലെ സ.ഉ (പി) 144/2016/പൊ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, ഹയർസെക്കന്ററി വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ്, ലബോറട്ടറി അസിസ്റ്റന്റ് എന്നിവർക്കായി 70:20:5:5 എന്ന റേഷ്യോയിൽ ബൈഫർക്കേറ്റ് ചെയ്ത് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള പി.എസ്.സി. വഴി ബൈട്രാൻസ്ഫർ നിയമനങ്ങൾ നടത്തുവാൻ താമസമുണ്ടാകുമെന്ന കാരണത്താൽ 01/01/2016 മുതൽ 28/12/2020 വരെയുള്ള എച്ച്.എസ്.എസ്.റ്റി (ജൂനിയർ) വിഭാഗത്തിലെ ബൈട്രാൻസ്ഫർ ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തുവാൻ 30/01/2021 ലെ ജി.ഒ (പി) 2/2021/പൊവി.വ പ്രകാരം നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിലെ 01/01/2016 മുതൽ 28/12/2020 വരെയുള്ള ഒഴിവുകൾ 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ., യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും നികത്തികൊണ്ട് 11/08/2022 തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ റൂളിന് വിരുദ്ധമായി എക്സിക്യൂട്ടീവ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 70:20:5:5 എന്ന റേഷ്യോവിൽ ബൈട്രാൻസ്ഫർ പ്രമോഷൻ 11/08/2022 -ൽ നടത്തിയത് ട്രിബ്യൂണൽ വിധിക്ക് വിധേയമായിരിക്കുമെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ നം. 1170/2022, ഒ.എ നം. 1502/2022 കളിലെ 06/12/2022 ലെ ഇടക്കാല ഉത്തരവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വ്യക്തമാക്കിയിട്ടുണ്ട്. ഒ.എ നം. 1502/2022 ഇപ്പോഴും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. OA (EKM) No. 1792/2022 നമ്പർ കേസിലെ 02/12/2022 ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11/08/2022 ലെ തസ്തികമാറ്റ നിയമനം മൂലം എച്ച്.എസ്.എ വിഭാഗത്തിൽ ഉണ്ടായിട്ടുള്ള എൻ.ജെ.ഡി ഒഴിവുകൾ നികത്തി 22/02/2023 ൽ ഉത്തരവായിട്ടുണ്ട്. എച്ച്.എസ്.എ യിൽ യോഗ്യരായവർ ഇല്ലാത്തതിനാൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ് വിഭാഗത്തിലെ എൻ.ജെ.ഡി ഒഴിവുകൾ 12/01/2023 ലെ ഒ.എ നം. 1502/2022 ലെ ഇടക്കാല വിധി പ്രകാരം യു.പി.എസ്.എ/എൽ.പി.എസ്.എ മാരിൽ നിന്നും 08/02/2023 ൽ നികത്തിയിട്ടുണ്ട്. മറ്റ് വിഭാഗങ്ങളിലെ എൻ.ജെ.ഡി ഒഴിവുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ തുടർ ഉത്തരവുകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ (ഫയൽ നമ്പർ 72/2021) ഭേദഗതി ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | ഹയർ സെക്കന്ററി വിഭാഗത്തിലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളിലെ 25% തസ്തികമാറ്റ ഒഴിവുകളിൽ എച്ച്.എസ്.എ., യു.പി.എസ്.എ/ എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കന്ററി വിഭാഗം), ലാബ് അസിസ്റ്റന്റ് (ഹയർ സെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 70:20:5:5 എന്നീ അനുപാതത്തിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് നിലവിലുള്ള കേരള ഹയർ സെക്കന്ററി എഡ്യുക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് -ൽ ഭേദഗതി ചെയ്യുവാൻ എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. ആയത് അന്തിമ ഘട്ടത്തിലുമാണ്. നിലവിൽ മേൽ ഭേദഗതി സംബന്ധിച്ച വിഷയം പരിഗണനയ്ക്കും അഭിപ്രായത്തിനുമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനു സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ